# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

ചുരുക്കപ്പട്ടിക നമ്പർ : 18/2022/DOP
സ്ഥലം : പാലക്കാട്
കാറ്റഗറി നമ്പർ : 093/2022
തിയ്യതി : 12.12.2022

## വിജ്ഞാപനം

16.04.2022 തിയ്യതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം പാലക്കാട് ജില്ലയിൽ വനം - വന്യജീവി വകുപ്പിൽ 20000-45800 (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (Part-II) തസ്തികയുടെ തെരഞ്ഞെടുപ്പിനായി **(ഉപജീവനത്തിനായി വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി സമൂഹത്തിലെ** യോഗ്യതയുള്ളവരും വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് **500 (അഞ്ഞൂറ്)** ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവരുമായ ദിവസവേതനക്കാരായ **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിട്ടുള്ള 40% ഒഴിവിലേക്കുള്ള പ്രത്യേക നിയമനം)** 2022 ഡിസംബർ 3, 5, 6, 7 എന്നീ തീയതികളിൽ നടന്ന ശാരീരിക അളവെടുപ്പിലും , കായികക്ഷമതാ പരീക്ഷയിലും യോഗ്യത നേടി അഭിമുഖത്തിൽ പങ്കെടുക്കാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

### ലിസ്റ്റ് - I

### പുരുഷന്മാർ

| | | | | | | | |
|---|---|---|---|---|---|---|---|
| 108105* | 108924 | 109012 | 109094 | 109107 | 109211 | 109360 | 109553 |
| 109845 | 109863 | 109868 | 109902 | 109977 | 110230 | 110257 | 110294 |

### സ്ത്രീകൾ

| |
|---|
| 108134 |

...2

# ലിസ്റ്റ് - II

## പുരുഷന്മാർ

| | | | | | | | |
|---|---|---|---|---|---|---|---|
| 108964 | 109258 | 109500 | 109757 | 110173 | 110292 | | |

## സ്ത്രീകൾ

**ഇല്ല**

കുറിപ്പ് 1 : അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് ഈ ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല. പ്രമാണ പരിശോധനയ്ക്കു ശേഷം അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ അഭിമുഖത്തിനു ശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

കുറിപ്പ് 2 : പുനരളവെടുപ്പിന് അപേക്ഷ സമർപ്പിച്ച് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ച **108105** എന്ന രജിസ്റ്റർ നമ്പറിലുള്ള ഉദ്യോഗാർത്ഥിയെ ചുരുക്കപ്പട്ടികയിൽ താൽക്കാലികമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുനരളവെടുപ്പിൽ വിജയിച്ചാൽ മാത്രമേ ഈ ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുകയുള്ളൂ.

....3

കുറിപ്പ് **3** : മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം **2022 ഡിസംബർ 21, 22** തീയതികളിലായി **പാലക്കാട് ജില്ലാ പി.എസ്.സി ഓഫീസിൽ** വെച്ച് നടത്തുന്നതാണ്. അഭിമുഖത്തിൽ പങ്കെടുക്കുന്നവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ. അഭിമുഖം സംബന്ധിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് sms/profile message/വ്യക്തിഗത അറിയിപ്പ് നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഇന്റർവ്യൂ മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞ തീയ്യതിയിലും സമയത്തും സ്ഥലത്തും ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

കുറിപ്പ് **4** : നിലവിലുള്ള നിയമപ്രകാരം ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഉത്തരക്കടലാസ് പുന:പരിശോധന നടത്താവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**രാധാകൃഷ്ണൻ സി വി**
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പാലക്കാട്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

p/newc